(എ) അത്യുൽപ്പാദനശേഷിയുള്ള റബ്ബർ മരങ്ങൾ സൃഷ്ടിക്കുന്നതിന് നമ്മുടെ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും എന്തെല്ലാം ഗവേഷണം നടത്തിയിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ കാർഷിക സർവ്വകലാശാലയ്ക്കും കൃഷി വകുപ്പിനും എന്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞു;

(സി) എരുമേലി ഒഴുക്കനാട് പുതുപ്പറമ്പിൽ ജോർജ് എന്ന കർഷകൻ അത്യുൽപ്പാദന ശേഷിയുള്ള ബി1 എന്ന റബ്ബർ വൃക്ഷം വികസിപ്പിച്ചെടുത്തിട്ടുണ്ടോ;

(ഡി) ഈ റബ്ബർ വൃക്ഷത്തിന് മറ്റെന്തെല്ലാം ഗുണങ്ങളുണ്ട്;

(ഇ) ഇത്തരം പ്രതിഭാസമ്പന്നരായ കർഷകരെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) അത്യുൽപ്പാദന ശേഷിയുള്ള റബ്ബർ മരങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധമായ ഗവേഷണങ്ങളും റബ്ബർ കർഷകർക്കായുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നത് റബ്ബർ ബോർഡാണ്.

(സി & ഡി) ഇക്കാര്യം കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. ചരമോപചാരം

മുൻമന്ത്രിയും രാജ്യസഭാംഗവുമായിരുന്ന വി. വി. രാഘവൻ, മുൻ നിയമസഭാംഗങ്ങളായ വി. കേശവൻ, സി. കുഞ്ഞികൃഷ്ണൻ നായർ, സി പി. കുഞ്ഞാലിക്കുട്ടികേയി, എ. കണാരൻ, എ. കെ. അപ്പു, പ്രമുഖ ഗാന്ധിയനും കൊച്ചി, തിരു-കൊച്ചി നിയമസഭാംഗവുമായിരുന്ന വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവരുടെ നിര്യാണം.

വി. വി. രാഘവന്റെ നിര്യാണം സമീപകാലത്ത് കേരള രാഷ്ട്രീയത്തിനുണ്ടായ തീരാനഷ്ടമാണ്. മികച്ച പാർലമെന്റേറിയൻ, സംഘാടകൻ, ഭരണാധികാരി, ഗ്രന്ഥകർത്താവ് എന്നീ നിലകളിൽ ഏതാണ്ട് ആറ് ദശാബ്ദകാലം രാഷ്ട്രീയ രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്ന വി. വി. ഇനി ജ്വലിക്കുന്ന ഓർമ്മമാത്രം. സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ ആവേശഭരിതമായ ഒരു മുഹൂർത്തത്തിലാണ് വി. വി. രാഘവൻ രാഷ്ട്രീയ ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. ഉത്തരവാദ ഭരണത്തിനുവേണ്ടിയുള്ള കൊച്ചി രാജ്യ പ്രജാമണ്ഡലത്തിലെ പ്രക്ഷോഭണത്തിലൂടെ 1946-ൽ പൊതുരംഗത്ത് എത്തിയ അദ്ദേഹത്തിന്റെ ആദ്യ പ്രവർത്തന കളരി കേരള സോഷ്യലിസ്റ്റ് പാർട്ടിയായിരുന്നു. 1948 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും വളരെ വേഗം പ്രസ്ഥാനത്തിന്റെ സമുന്നത നേതൃനിരയിലേക്ക് ഉയരുകയും ചെയ്തു. ത്യാഗപൂർണ്ണമായ രാഷ്ട്രീയ ജീവിതത്തിനിടയിൽ പല തവണ ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

1948 മുതൽ ഒന്നര പതിറ്റാണ്ട് അദ്ദേഹം തൃശൂർ നഗരസഭാംഗമായി പ്രവർത്തിച്ചു. 1987-ലും 1991-ലും ചേർപ്പ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. 1987 മുതൽ 1991 വരെ ഇ. കെ. നായനാർ മന്ത്രിസഭയിൽ കൃഷി മന്ത്രിയായി.

LIBRARY ARCHIVES Kerala Legislative Assembly

1996-ലും 1998-ലും ലോകസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1997-ൽ മികച്ച പാർലമെന്റേറിയനുള്ള ശങ്കരനാരായണൻതമ്പി അവാർഡ് ലഭിച്ചു. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗം, സി.പി.ഐ. ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, കിസാൻ സഭാ പ്രസിഡന്റ് എന്നീ നിലകളിലും സേവനം അനുഷ്ഠിച്ച അദ്ദേഹം 2000 മുതൽ രാജ്യസഭാംഗമായി പ്രവർത്തിച്ചുവരികയായിരുന്നു.

കേരളം കണ്ട മികച്ച കൃഷി മന്ത്രിമാരിൽ ഒരാളായിരുന്നു വി. വി. രാഘവൻ. സംസ്ഥാനത്തെ കാർഷികമേഖല അഭിമുഖീകരിച്ച പ്രതിസന്ധി മറികടക്കുവാൻ മന്ത്രിയായിരിക്കെ അദ്ദേഹം ആവിഷ്ക്കരിച്ച ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപകമായ പ്രശംസ പിടിച്ചുപറ്റി. കർഷകരുടെ മനസ്സ് വായിക്കാൻ കഴിഞ്ഞ നേതാവായിരുന്നു അദ്ദേഹം. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗമെന്ന നിലയിൽ തന്റെ അനുഭവ സമ്പത്ത് രാജ്യപുരോഗതിക്കായി അദ്ദേഹം വേണ്ടവിധം ഉപയോഗപ്പെടുത്തി.

വി. വി. യുടെ ജീവിതത്തിന് തൃശൂരിന്റെ സാംസ്ക്കാരിക ജീവിതവുമായി അടുത്ത ബന്ധമുണ്ട്. പുലരിക്കുമുമ്പ്, ലെനിന്റെ നാട്ടിൽ എന്നീ കൃതികൾ അദ്ദേഹത്തിന്റെ രചനാ പാടവത്തിനും സഹൃദയത്വത്തിനും മികച്ച തെളിവാണ്. ഹൃദ്യവും സൗമ്യവുമായ പെരുമാറ്റംകൊണ്ട് ഏവർക്കും പ്രിയങ്കരനായിരുന്ന വി. വി. പൊതു പ്രശ്നങ്ങളിലും കാര്യങ്ങൾ ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുന്നതിലും നിർഭയത്വവും സത്യസന്ധതയും പുലർത്തിയിരുന്നു.

തികഞ്ഞ അച്ചടക്കവും ലാളിത്യവും വിനയവും കർമ്മ കുശലതയും ജീവിതത്തിൽ ഉടനീളം പുലർത്തിയ അനിതരസാധാരണമായ ആ വ്യക്തിത്വം നമുക്ക് നിത്യഹരിതമായ ഓർമ്മയായിരിക്കും. വി. വി. രാഘവന്റെ വിയോഗം രാഷ്ട്രീയ കേരളത്തിന് വൻ ശൂന്യതയാണ് ഉണ്ടാക്കിയിരിക്കുന്നത്.

കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന്റെ സമുന്നത നേതാവായിരുന്ന വി. കേശവൻ സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രവർത്തകനായാണ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. 1965-75 കാലയളവിൽ കെ. എസ്. വൈ. എഫ്. ജില്ലാ സെക്രട്ടറിയും സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായി പ്രവർത്തിച്ച് കെ. എസ്. കെ. റ്റി. യു. സംസ്ഥാന വൈസ് പ്രസിഡന്റും അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗവുമായിരുന്ന കേശവൻ സി. പി. ഐ. (എം.) ആലപ്പുഴ ജില്ലാ സെക്രട്ടറിയായും സി. പി. ഐ. (എം) സ്റ്റേറ്റ് കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. കേരള സർവ്വകലാശാല സെനറ്റ്, സിൻഡിക്കേറ്റ് അംഗം, കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗം എന്നീ നിലകളിലും അദ്ദേഹം മികച്ച സേവനം കാഴ്ചവച്ചു. 1982 മുതൽ 96 വരെ പന്തളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭാംഗമായിരുന്ന വി. കേശവൻ ജനകീയ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് നിയമസഭാവേദി ഫലപ്രദമായി വിനിയോഗിച്ചു. 1987-89 കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി ചെയർമാൻ എന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം സമിതിയുടെ പ്രവർത്തന മേഖല വിപുലമാക്കി ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യത്നിച്ചിരുന്നുവെന്നത് സ്മരണീയമാണ്. അവകാശ സമരങ്ങളുടെ മുന്നണിയിൽ എന്നും ശ്രദ്ധേയമായ സാന്നിദ്ധ്യമായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

വി. കേശവൻ കർഷകത്തൊഴിലാളി പ്രസ്ഥാനത്തിന് നിർണ്ണായക സംഭാവനകൾ നൽകിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെ ശ്രേണിയിലുള്ള ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ സാമൂഹ്യപുരോഗതിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച നിസ്വാർത്ഥനായ നേതാവായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണംമൂലം കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് ശക്തനായ ഒരു നേതാവിനെയാണ് നഷ്ടമായിരിക്കുന്നത്.

പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും ഒന്നാം കേരള നിയമസഭയിലെ അംഗവുമായിരുന്ന ചേരിപ്പാടി കുഞ്ഞികൃഷ്ണൻ നായർ കാലത്തിന് മായ്ക്കാനാകാത്ത ഒട്ടേറെ സംഭാവനകൾ നൽകി കടന്നുപോയി. 1922 സെപ്റ്റംബർ 23-ന് ജനിച്ച കുഞ്ഞികൃഷ്ണൻ നായർ സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വീട്ടുകാരുടെ ശക്തമായ എതിർപ്പുകളെ അവഗണിച്ചാണ് രാഷ്ട്രീയ രംഗത്തേക്ക് കടന്നു വന്നത്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ 1942-ൽ കോൺഗ്രസ് പ്രസ്ഥാനത്തിൽ അംഗമായ കുഞ്ഞികൃഷ്ണൻ നായർ സ്വാതന്ത്ര്യ സമരത്തിലെ തിളങ്ങുന്ന അദ്ധ്യായമായ ക്വിറ്റ് ഇൻഡ്യാ സമരത്തിന്റെ ഭാഗഭാക്കായി. സമരത്തോടനുബന്ധിച്ച് നീലേശ്വരത്ത് ചേർന്ന സമ്മേളനത്തിൽ പ്രസംഗിച്ച അദ്ദേഹത്തെ രാജ്യദ്രോഹകുറ്റം ചുമത്തി ബെല്ലേരി സെൻട്രൽ ജയിലിലടച്ചു.

സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ ശ്രദ്ധേയമായ ഒട്ടേറെ സംഭാവനകൾ നൽകിയ കുഞ്ഞികൃഷ്ണൻനായർ അവിഭക്ത കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, കെ.പി.സി.സി. അംഗം, എ.ഐ.സി.സി. അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

1957-ൽ കാസർഗോഡ് മണ്ഡലത്തെയും 1960-ൽ പയ്യന്നൂർ മണ്ഡലത്തെയും കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തിരുന്ന കുഞ്ഞികൃഷ്ണൻ നായർ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. കേരള നിയമസഭയുടെ 40-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് അന്നത്തെ സ്പീക്കർ അദ്ദേഹത്തെ വസതിയിലെത്തി ആദരിച്ചുവെന്നത് ചെയർ അനുസ്മരിക്കുന്നു. സംശുദ്ധ രാഷ്ട്രീയ ജീവിതത്തിനുടമയായ സ്വാതന്ത്ര്യ സമരസേനാനി ചേരിപ്പാടി കുഞ്ഞികൃഷ്ണൻ നായരുടെ നിര്യാണം സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ അപരിഹാര്യമായ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്.

മുസ്ലീംലീഗിന്റെ ആദ്യകാല നേതാക്കന്മാരിൽ പ്രമുഖനായിരുന്നു സി. പി. കുഞ്ഞാലിക്കുട്ടികേയി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയത്തിൽ ആകൃഷ്ടനായ അദ്ദേഹം 1946-ൽ പ്രഥമ സംസ്ഥാന മുസ്ലീംലീഗ് കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിയായി. മലപ്പുറം ജില്ലാ ലീഗ് സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ച സി. പി. കുഞ്ഞാലിക്കുട്ടികേയി മുസ്ലീംലീഗ് കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളെ സ്വാധീനിക്കുവാൻ കഴിഞ്ഞ കേയി 1963 മുതൽ 1979 വരെ ദീർഘകാലം പരപ്പനങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1987-ൽ നടന്ന തെരഞ്ഞെടുപ്പിൽ തിരൂരങ്ങാടി മണ്ഡലത്തെയാണ് അദ്ദേഹം കേരള നിയമസഭയിൽ പ്രതിനിധാനം ചെയ്തിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുപ്രവർത്തന രംഗത്തുനിന്ന് ധാരാളം അനുഭവസമ്പത്ത് കൈമുതലുള്ള അദ്ദേഹം കെ. എസ്. ആർ. ടി. സി. ഡയറക്ടർ ബോർഡ് അംഗം, ഡി. ഡി. സി. അംഗം, മുസ്ലീം എഡ്യൂക്കേഷണൽ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ട് തനതായ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു.

നിസ്വാർത്ഥ സാമൂഹ്യസേവന പ്രവർത്തനങ്ങളിലൂടെ ജനഹൃദയങ്ങളെ സ്വാധീനിക്കുവാൻ കഴിഞ്ഞ പഴയ തലമുറയിലെ പ്രമുഖ നേതാക്കളിൽ ഒരാളെയാണ് സി. പി. കുഞ്ഞാലിക്കുട്ടി കേയിയുടെ നിര്യാണംമൂലം നമുക്ക് നഷ്ടമായിരിക്കുന്നത്.

കർഷകത്തൊഴിലാളികളുടെ അവകാശങ്ങൾക്ക് വേണ്ടി നിയമസഭയ്ക്ക് അകത്തും പുറത്തും നിരന്തരം പോരാടിയ നേതാവായിരുന്നു എ. കണാരൻ. 1935-ൽ എടച്ചേരിയിൽ ജനിച്ച എ. കണാരൻ മുൻ എം. എൽ. എ. ഇ. വി. കുമാരനോടൊപ്പം 17-ാമത്തെ വയസ്സിൽ രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്നു. മലബാറിൽ നിലനിന്നിരുന്ന രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലത്തിൽ അസ്വസ്ഥനായ എ. കണാരൻ കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഒട്ടേറെ കർഷകസമരങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 1971-ൽ സംഘടിപ്പിച്ച വാണിമേൽസമരം, തൊട്ടിൽപ്പാലം തോട്ടക്കാട് മിച്ചഭൂമി സമരം തുടങ്ങിയവ ഏറെ ശ്രദ്ധേയമായി. നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെ കണാരന്റെ നേതൃത്വത്തിൽ ആലപ്പുഴ ഭാഗത്ത് സമീപകാലത്ത് നടന്ന സമരവും ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണ്. സി. പി. ഐ. (എം) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗവുമായ എ. കണാരൻ കർഷക തൊഴിലാളി യൂണിയൻ സംസ്ഥാന സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. 1987 മുതൽ തുടർച്ചയായി പതിനാല് വർഷം നിയമസഭയിൽ മേപ്പയൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചു. കണാരന്റെ നിര്യാണത്തോടെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഊർജ്ജസ്വലനായ ഒരു മുന്നണി പോരാളിയെയാണ് നഷ്ടമായിരിക്കുന്നത്.

കാക്കൂർ അണ്ടിയേങ്ങണ്ടി കുഞ്ഞിരാരുവിന്റെ മകനായി 1925 ആഗസ്റ്റിൽ ജനിച്ച എ. കെ. അപ്പു മലബാർ ക്രിസ്ത്യൻ കോളേജ്, പാലക്കാട് ഗവണ്മെന്റ് വിക്ടോറിയ കോളേജ്, മദ്രാസ് മെസ്സൺ ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ച അദ്ദേഹം ഹെഡ്മാസ്റ്റർ, സ്കൂൾ മാനേജർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. മികച്ച അദ്ധ്യാപനത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ എ. കെ. അപ്പു മലബാർ ടീച്ചേഴ്സ് ഗിൽഡിന്റെ പ്രസിഡന്റ്, സ്കൂൾസ് അത്‌ലറ്റിക് അസോസിയേഷൻ ട്രഷറർ എന്നീ നിലകളിലും പ്രവർത്തിച്ചു.

ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപകാംഗമായി രാഷ്ട്രീയ രംഗത്തേയ്ക്കു കടന്നുവന്ന അപ്പു പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലും തുടർന്ന് എസ്.എസ്.പി.-യിലും അംഗമായി. 1967-ൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ അദ്ദേഹം ബാലുശ്ശേരി മണ്ഡലത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടു.

കറകളഞ്ഞ സാമൂഹ്യപ്രവർത്തകനും സോഷ്യലിസ്റ്റ് നേതാവും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന എ. കെ. അപ്പുവിന്റെ നിര്യാണം കേരളത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണുണ്ടാക്കയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തൃശൂർ ജില്ലയിലെ ഒരു ഗ്രാമീണ കർഷക കുടുംബത്തിൽ ജനിച്ചുവളർന്ന വി. ആർ. കൃഷ്ണനെഴുത്തച്ഛൻ കൗമാരം മുതൽക്കേ ഗാന്ധിയൻ ആദർശങ്ങളിൽ ആകൃഷ്ടനായി. സ്വാതന്ത്ര്യസമരത്തിന്റെ വേലിയേറ്റ സമയത്ത് വി. ആറും വിദേശ ശക്തികൾക്കെതിരായ പോരാട്ടത്തിന് മുന്നിട്ടിറങ്ങി. പ്രശസ്തമായ നിലയിൽ നിയമബിരുദം നേടിയപ്പോൾ കൊച്ചി സർക്കാർ നൽകിയ ഉദ്യോഗം നിരാകരിച്ച് ഗാന്ധിജിയുടെ ആഹ്വാനപ്രകാരം വി. ആർ. സ്വതന്ത്ര്യസമരത്തിൽ ഭാഗഭാക്കായി.

ഖാദി-ഗ്രാമ വ്യവസായങ്ങൾ, ഗ്രാമോദ്ധാരണം, അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം, ഹരിജനോദ്ധാരണം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങളിൽ വ്യാപൃതനായ കൃഷ്ണനെഴുത്തച്ഛൻ, പഴയ കൊച്ചി ജില്ലാ കോൺഗ്രസ്സ് പ്രസിഡന്റായും എ.ഐ.സി.സി. അംഗമായും പ്രവർത്തിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഹരിപുരാ സമ്മേളനത്തിലെ ആഹ്വാനപ്രകാരം കൊച്ചി രാജ്യ പ്രജാമണ്ഡലം സ്ഥാപിക്കുന്നതിന് മുൻകൈയെടുത്തു. ക്വിറ്റ് ഇൻഡ്യാ പ്രഖ്യാപനം ഉണ്ടായ 1942-ലെ ബോംബെ എ.ഐ.സി.സി. സമ്മേളനത്തിൽ പങ്കെടുത്ത വി. ആർ.-ന് മടങ്ങിയെത്തിയപ്പോൾ ജയിൽവാസവും അനുഭവിക്കേണ്ടിവന്നു.

വൈജ്ഞാനിക സാഹിത്യരംഗത്തും പത്രപ്രവർത്തന രംഗത്തും സജീവ സാന്നിദ്ധ്യമായിരുന്ന വി. ആർ. നവദീപം എന്ന സാഹിത്യമാസികയും, ദീനബന്ധു, ഗ്രാമക്ഷേമം, കർഷകൻ എന്നീ പത്രങ്ങളും പ്രസിദ്ധീകരിച്ചു. കൃഷ്ണനെഴുത്തച്ഛന്റെ ചുമതലയിലായിരുന്നു ഗാന്ധിജിയുടെ പ്രസിദ്ധമായ ഹരിജൻ പത്രത്തിന്റെ മലയാളം പതിപ്പ് പ്രസിദ്ധീകരിച്ചിരുന്നത്.

1945-48 കാലഘട്ടത്തിൽ കൊച്ചി നിയമസഭയിലും തുടർന്ന് 1953-ൽ തിരു-കൊച്ചി നിയമസഭയിലും ജനപ്രതിനിധിയായി അദ്ദേഹം പ്രവർത്തിച്ചു. പത്രസ്വാതന്ത്ര്യം നിലനിർത്തുന്നതിന് അദ്ദേഹം കൊണ്ടുവന്ന പത്രമാരണ നിരാകരണ ബില്ലും, വെറും പാട്ടക്കാർക്ക് ഭൂമിയുടെ സ്ഥിരാവകാശം നൽകുന്നതിനുള്ള ബില്ലും ഏറെ ശ്രദ്ധിക്കപ്പെട്ടു.

ജനപ്രിയ നേതാവായി വളർന്നപ്പോഴും അധികാരം വി. ആർ.-നെ ആകർഷിച്ചില്ല. കൊച്ചി കർഷക സഭയുടെ പ്രസിഡന്റ്, കേരള കിസാൻ കോൺഗ്രസ് പ്രസിഡന്റ് എന്നീ നിലകളിൽ കർഷകരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രവർത്തിച്ച അദ്ദേഹം ഭൂപരിഷ്ക്കരണത്തിൽ പ്രത്യേകം താൽപര്യം കാട്ടി. സഹകരണ പ്രസ്ഥാനം, ഖാദി പ്രചരണം, ഗ്രാമോദ്ധാരണം, മദ്യവർജ്ജന പ്രസ്ഥാനം തുടങ്ങിയ രംഗങ്ങളിൽ വി. ആർ. മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു.

ആദർശങ്ങളും മൂല്യങ്ങളും കൈവിടാതെ, സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനും രാജ്യ സേവനത്തിനുമായി ജീവിതം സമർപ്പിച്ച വി. ആർ കൃഷ്ണനെഴുത്തച്ഛന്റെ നിര്യാണത്തോടെ കേരളത്തിന് ഒരു ഉത്തമ ഗാന്ധിയനെയാണ് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപനേരം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു).

GCPT. 2/2311/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly